ഉത്തരം

(എ&ബി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം 1, 1 എ-ആയി ചേർത്തിട്ടുണ്ട്†.

(സി) 2001-ലെ വർദ്ധനവ് മൂലം 724.0875 ലക്ഷം രൂപ പട്ടികജാതി വികസന വകുപ്പിനും 163.37 ലക്ഷം രൂപ പട്ടികവർഗ്ഗ വികസനവകുപ്പിനും അധിക ചെലവ് വരുന്നതാണ്.

(ഡി) ബാധകമാണ്.

സർക്കാരുദ്യോഗസ്ഥന്മാരിൽ പിന്നോക്കജാതി/പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ എണ്ണം

12 (237) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരുദ്യോഗസ്ഥന്മാരിൽ എത്ര പിന്നോക്കജാതി പട്ടികജാതി-പട്ടികവർഗ്ഗക്കാരുണ്ടെന്ന് കണക്കെടുത്തിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇവരുടെ കണക്ക് വകുപ്പ് തിരിച്ച് തിട്ടപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ജനസംഖ്യാനുപാതികമായി ഇവർക്ക് പ്രാതിനിധ്യം നൽകുന്നതിന് നടത്തുന്ന നടപടി വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) സ്വീകരിക്കുന്നതാണ്.

(സി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നിയമപരമായി ലഭിക്കേണ്ട പ്രാതിനിധ്യം ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ എല്ലാ വകുപ്പുകളിലും വാർഷിക അവലോകനം നടത്തുന്നുണ്ട്. ഇല്ലെന്ന് കാണുന്നയിടങ്ങളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. പിന്നോക്കവിഭാഗങ്ങളുടെ പ്രാതിനിധ്യം പരിശോധിക്കാൻ പ്രത്യേക സംവിധാനം നിലവിലില്ല.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ കോളേജ് വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യങ്ങൾ

13 (238) ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ കോളേജ് വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യങ്ങൾ ലഭ്യമാക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് പറയുമോ ;

† അനുബന്ധം IX, IX 'എ'

LIBRARY ARCHIVES Kerala Legislative Assembly

(ബി) പല കോളേജുകളിലേയും പ്രസ്തുത വിഭാഗത്തിലെ കുട്ടികൾക്ക് താമസസൗകര്യം ലഭിക്കുന്നില്ല എന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഈ വിഭാഗം വിദ്യാർത്ഥികൾക്ക് താമസസൗകര്യം ക്രമീകരിക്കുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കോളേജ് വിദ്യാർത്ഥികൾക്കായി സംസ്ഥാനത്തെ 8 ജില്ലകളിലായി വകുപ്പിന്റെ കീഴിൽ 18 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതുകൂടാതെ കൊച്ചിൻ യൂണിവേഴ്സിറ്റി ക്യാമ്പസിൽ ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കും ആയി ഓരോ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മിച്ച് നല്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ പാരാമെഡിക്കൽ കോഴ്സിന് പഠിക്കുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേണ്ടി ഓരോ ഹോസ്റ്റൽ തുടങ്ങിയിട്ടുണ്ട്. ഇതിനെല്ലാം പുറമേ കോളേജ് ഹോസ്റ്റലുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സീറ്റ് റിസർവേഷൻ നല്കി വരുന്നു. യൂണിവേഴ്സിറ്റിയുടെ അംഗീകാരമുള്ള ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഭക്ഷണത്തിനും താമസത്തിനുമുള്ള യഥാർത്ഥ ചെലവ് നല്കി വരുന്നു. ചില അടിയന്തിര ഘട്ടങ്ങളിൽ ഡിപ്പാർട്ടുമെന്റ് വക ഹോസ്റ്റലുകളിൽ സ്ഥലസൗകര്യമില്ലാതെവന്നാൽ ദൂരെനിന്ന് വരുന്ന പെൺകുട്ടികൾക്ക് യൂണിവേഴ്സിറ്റിയുടെ അംഗീകാരമില്ലാത്ത ഹോസ്റ്റലുകളിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ നല്കുന്ന നിരക്കിൽ മെസ്സ് ചാർജ്ജ് നല്കുകയും ചെയ്യുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഇപ്പോൾ എട്ടു ജില്ലാ സംസ്ഥാനങ്ങളിലാണ് ഹോസ്റ്റൽ ഉള്ളത്. ഈ വർഷം ആലപ്പുഴ ജില്ലയിൽ ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. മറ്റു ജില്ലാകേന്ദ്രങ്ങളിലും ആവശ്യമെന്നു കണ്ടാൽ ഹോസ്റ്റൽ തുടങ്ങുന്നതാണ്.

പട്ടികജാതി കോളനി നിവാസികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

14 (239) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികജാതിവർഗ്ഗ സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം 2001 ജനുവരി 31 വരെ കിളിമാനൂർ നിയോജകമണ്ഡത്തിലെ പട്ടികജാതി കോളനി നിവാസികളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ വേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്നും ആയതിലേക്ക് വേണ്ടി മൊത്തം എന്തു തുക ചെലവായിട്ടുണ്ടെന്നും വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly